**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1476** **03-12-2018 ൽ മറുപടിക്ക്**

# കിഴക്കേകോട്ടയിലെ അനധികൃത കൈയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരിയിൽ കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിന് ചുറ്റും പാട്ടക്കാലാവധി കഴിഞ്ഞതിനാൽ പാട്ടം റദ്ദാക്കിയ സ്ഥലത്തിന്റെ അളവ് വ്യക്തമാക്കുമോ; | (എ) മണക്കാട് വില്ലേജിൽ സർവ്വെ നമ്പർ 1/1 ൽ ഉൾപ്പെട്ട 15.456 സെന്റ് സ്ഥലവും , വഞ്ചിയൂർ വില്ലേജിൽ സർവ്വെ നമ്പർ 659 ൽ ഉൾപ്പെട്ട 8.503 സെന്റ് സ്ഥലവും. |
| (ബി) പ്രസ്തുത സ്ഥലത്ത് ആരുടെയൊക്കെ പേരിൽ എത്ര കച്ചവട / ഇതര സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നവെന്ന് വ്യക്തമാക്കുമോ; അനധികൃത കൈയ്യേറ്റ ഉടമകളിൽ നിന്ന് സബ് ലെറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണവും നിയമ വിധേയമാണോ സ്ഥാപനങ്ങളുടെ പ്രവർത്തനം എന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെ എന്ത് മാനദണ്ഡത്തിലാണ് പ്രവർത്തിക്കുന്നതിന് അനുവദിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (ബി) 20 കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇവരുടെ പേര് ചുവടെ ചേർക്കുന്നു.<br><br>1. ശ്രീ. കെ.റ്റി. ശ്രീജിത്ത്<br>2. ശ്രീ. ബൈജു.ആർ<br>3. ശ്രീ. ഷാഹുൽ ഹമീദ്. ആർ<br>4. ബാലരാമപുരം ഹാൻഡ് ലൂം<br>5. ശ്രീമതി. കുശലകുമാരി.കെ<br>6. ശ്രീ.രവീന്ദ്രൻ നായർ.സി<br>7. ശ്രീ. ശോഭനകുമാർ.പി<br>8. ശ്രീമതി. ആബിദാ ബീഗം.എ<br>9. ശ്രീ. അംബിക.ജി<br>10. ശ്രീ. സന്തുജ്. എസ്<br>11. ശ്രീ. നിസ്സാം.എം<br>12. ശ്രീ.രാജൻ.എം.പി<br>13. ശ്രീമതി. ലത്തീഫ് ഇബ്രാഹിം പി.എ<br>14. ശ്രീ. ജയകുമാർ. എസ്<br>15. ശ്രീമതി. ക്രിസ്റ്റി. സി.ആർ<br>16. ശ്രീ. വിജയകുമാർ.വി<br>17.ശ്രീമതി. സുരേഖാ സി.എം<br>18. ശ്രീ.സനൽ.കെ<br>19.ശ്രീ.സാബു.കെ<br>20.ശ്രീ. സാദിഖ്.എസ്<br>സബ് ലെറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം ലഭ്യമല്ല |

| | | | |
|---|---|---|---|
| (സി) | ഇവിടെയുള്ള കെ.എസ്.ആർ.ടി.സി വക 72.250 സെന്റ് ഭൂമിയിൽ പ്രവർത്തിച്ച് വരുന്ന അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്ത് ക്രിയാത്മക നടപടിയാണ് ഈ ഗവൺമെന്റ് വന്ന നാൾ മുതൽ സ്വീകരിച്ചതെന്ന് തീയതി സഹിതം വ്യക്തമാക്കുമോ; | (സി) | കേരള ഭൂസംരക്ഷണ നിയമം 1958 പ്രകാരം കയ്യേറ്റമൊഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും സമ്മറി ഒഴിപ്പിക്കലിനായി തിരുവനന്തപുരം തഹസിൽദാർ അനധികൃത സ്ഥാപനങ്ങൾക്ക് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള ഫോറം സി.സി നോട്ടീസ് 15.04.2017 ന് നൽകുകയും ചെയ്തിരുന്നു. ടി സ്ഥാപനങ്ങളുടെ പുനരധിവാസം സർക്കാർ പരിഗണനയിലായതിനാൽ ഒഴിപ്പിക്കൽ നടപടി പൂർത്തീകരിച്ചിട്ടില്ല. |
| (ഡി) | വളരെക്കാലമായി കൈയ്യേറ്റം ഒഴിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടും ഇത്തരക്കാരെ കൈയ്യേറിയ ഇടങ്ങളിൽ തുടരാൻ അനുവദിക്കുന്നത് മറ്റ് ഇടങ്ങളിലും ഗവൺമെന്റ് ഭൂമി കൈയ്യേറുന്നതിന് സഹായകരമാകുമെന്നതിനാൽ സത്വരം ഒഴിപ്പിക്കൽ നടപടി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ചെറുകിട കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്ന തിനുള്ള നടപടി സ്വീകരിച്ച് ഒഴിപ്പിക്കുന്ന നടപടി പ്രാവർത്തികമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**